**No. CEE/4848/2013/KEAM-2014/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**വിജ്ഞാപനം**

## ബി.ഡി.എസ് കോഴ്സ് പ്രവേശനം - 2014

## ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജിലെ കമ്മ്യൂണിറ്റി ക്വാട്ടയിലേയ്ക്കുള്ള അലോട്ട്മെന്റ്

(GO(Rt)No.2665/2014/H&FWD Dated 05.08.2014)

2014–ലെ ബി.ഡി.എസ്. കോഴ്സിലേയ്ക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് മേൽ സർക്കാർ ഉത്തരവ് പ്രകാരം സെഞ്ചറി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡന്റൽ സയൻസസ് & റിസർച്ച് സെന്റർ, കാസർഗോഡ് എന്ന സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന 50% സീറ്റുകളിലെ 30% സീറ്റുകൾ കോളേജ് മാനേജ്മെന്റ് പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇത്തരം സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

ന്യൂനപക്ഷ പദവി/കമ്മ്യൂണിറ്റി ക്വാട്ട സംവരണത്തിന് അർഹമായ സമുദായത്തിന്റെയും ആയതിന് ഹാജരാക്കേണ്ട രേഖയുടെയും വിവരം ചുവടെ ചേർത്തിട്ടുണ്ട്.

| Sl. No. | Code | DENTAL COLLEGE | Community | Certificate Issuing Authority |
|---|---|---|---|---|
| 1 | CDC | Century International Institute of Dental Sciences & Research Centre, Poinachi, Thekkil P O, Kasaragod-671541 | Muslim | Village Officer |

മേൽപ്പറഞ്ഞ ഡന്റൽ കോളേജിൽ മൈനോറിറ്റി ക്വാട്ടാ സീറ്റുകളിലേക്ക് അപേക്ഷിക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസ്തുത കോളേജിനു നേരെ നൽകിയിട്ടുള്ള ജാതി/സമുദായ സർട്ടിഫിക്കറ്റിന്റെ പ്രൊഫോർമയുടെയും, വ്യക്തിഗത വിവരങ്ങളുടെ പ്രൊഫോർമയുടെയും പ്രിന്റൗട്ട് എടുത്ത് വില്ലേജ് ഓഫീസറിൽ നിന്നും ജാതി/സമുദായ സർട്ടിഫിക്കറ്റ് വാങ്ങി, പൂരിപ്പിച്ച വ്യക്തിഗത വിവരങ്ങളുടെ പ്രൊഫോർമ **(Proforma for Submission of Candidate Details)** ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

**ജാതി/സമുദായ സർട്ടിഫിക്കറ്റിന്റെ പ്രൊഫോർമയും വ്യക്തിഗത വിവരങ്ങളുടെ പ്രൊഫോർമയും 19.08.2014 മുതൽ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാകും**

2014-ലെ കേരള എം.ബി.ബി.എസ്/ബി.ഡി.എസ് കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുസ്ലീം സമുദായ ത്തിൽപ്പെട്ട വിദ്യാർത്ഥികൾ പുതുതായി ജാതി/സമുദായ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ല. കൂടാതെ 2014–ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലെ മൈനോറിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായി ജാതി/സമുദായ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ള മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളും പുതുതായി ജാതി/സമുദായ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ല. ഈ രണ്ടു വിഭാഗത്തിലും ഉൾപ്പെടാത്ത മുസ്ലിം സമുദായത്തിൽപെട്ട വിദ്യാർത്ഥികളെ ഈ ക്വാട്ടയിലേക്ക് പരിഗണിക്കുന്നതിലേക്കായി മേൽപറഞ്ഞ സർട്ടിഫിക്കറ്റും പ്രൊഫോർമയും ഹാജരാക്കേണ്ടതാണ്.

വില്ലേജ് ഓഫീസർ നൽകിയ ജാതി/സമുദായ സർട്ടിഫിക്കറ്റും വ്യക്തിഗത വിവരങ്ങളുടെ പൂരിപ്പിച്ച പ്രൊഫോർമ്മയും **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം 695001** എന്ന വിലാസത്തിൽ **23.08.2014 (ശനിയാഴ്ച) വൈകുന്നേരം 5 മണിക്ക് മുമ്പ്** നേരിട്ടോ സ്പീഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കേണ്ടതാണ്.

നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റുകളും ഫാക്സ്, ഇ മെയിൽ എന്നിവ മുഖേന അയക്കുന്ന സർട്ടിഫിക്കറ്റുകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല.

**കുറിപ്പ്: ഈ ക്വാട്ടയിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളെപ്പോലെ *പ്രസ്തുത കോളേജിലേക്ക് ഓപ്ഷൻ ക്ഷണിക്കുന്ന വേളയിൽ* www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ യഥാസമയം രജിസ്റ്റർ ചെയ്യേണ്ടതാണ്.**

തിരുവനന്തപുരം
18.08.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**